സാന്നിദ്ധ്യത്തിൽ ഫോറൻസിക് പരിശോധന നടത്താനോ, പരിശോധനാ രീതിയിലെ പരിശീലനം നൽകാനോ നിർവ്വാഹമില്ല. കോടതികൾ കേസ്സിൽ ഉൾപ്പെട്ട സാധനങ്ങൾ ഫോറൻസിക് വിദഗ്ദ്ധന്റെ പരിശോധനയ്ക്കായിട്ടാണ് സീൽ ചെയ്ത് അയയ്ക്കുന്നത്. ടി സാധനങ്ങൾ വച്ച് പരിശീലനം നടത്തിക്കുന്നതും കോടതി നിർദ്ദേശിക്കാത്ത മറ്റൊരാളുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതും ശരിയല്ല. കോടതിയിൽ നിന്നുള്ള തൊണ്ടിമുതലുകളുടെ സുരക്ഷയേയും പരിശോധനയിലെ മൗലികതയെയും ഇത് ബാധിക്കുന്നു. തൊണ്ടിമുതലുകളുടെ പരിശോധന നടത്തേണ്ടത് ലാബിലെ സയന്റിസ്റ്റുകളാണ്. ഇത് പുറത്ത് നിന്നുള്ളവരുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചാൽ പരിശോധനാ ഫലത്തിന്റെ രഹസ്യസ്വഭാവത്തെ ബാധിക്കും. അതുകൊണ്ട് പുറത്തു നിന്നുള്ളവർക്ക് പരിശീലനം നൽകാറില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫോറൻസിക് പഠനം പൂർത്തിയാക്കിയ ആർക്കും ഫോറൻസിക് ലാബിൽ പരിശീലനം കൊടുത്തിട്ടില്ല.

ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണം

234 (2107) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഭവങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തു, എത്രപേർ അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുണ്ട് ; അറസ്റ്റ് ചെയ്യപ്പെട്ടവരിൽ എത്രപേർ ശിക്ഷിക്കപ്പെട്ടു ; എത്രപേരെ വെറുതെവിട്ടു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് 21 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവങ്ങളിൽ 4 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

(സി) ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 160 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 39 പേർ അറസ്റ്റ് ചെയ്യപ്പെടാനുണ്ട്. ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല. ആരെയും വെറുതെ വിട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly